**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1299** **06/03/2018 ൽ മറുപടിക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ വെൺകുളം നവീകരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. കെ. ആൻസലൻ :** | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** |
| (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കാരോട് പഞ്ചായത്തിലെ വെൺകുളം നവീകരണവുമായി ബന്ധപ്പെട്ട് അഴിമതി നടന്നതായി ആരോപണമുയർന്നതിനെ തുടർന്ന് കൃഷി വകുപ്പ് വിജിലൻസ് നടത്തിയ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി കൂടുതൽ വ്യക്തത വരുത്തുന്നതിനായി സംസ്ഥാന പോലീസ് വിജിലൻസ് വിഭാഗത്തിനു അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കൃഷി വകുപ്പ് സ്പെഷൽ വിജിലൻസ് സെൽ നടത്തിയ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണത്തിനായി ടി റിപ്പോർട്ട് സംസ്ഥാന വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. വിജിലൻസ് അന്വേഷണം നടന്നുവരികയാണ്. |
| (ബി) വെൺകുളം നവീകരിച്ച് കർഷകർക്ക് ജലം നല്കുന്നതിനുവേണ്ടി കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| (സി) വെൺകുളം നവീകരണത്തിന് അനുവദിച്ച ആർ.കെ.വി.വൈ. ഫണ്ടിൽ നിന്നും ഇനി എത്ര തുക ചെലവഴിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) ആർ.കെ.വി.വൈ ഫണ്ടിൽ നിന്നും അനുവദിച്ച 90 ലക്ഷം രൂപയിൽ 45 ലക്ഷം രൂപ നവീകരണ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുള്ളതും ശേഷിച്ച തുക മറ്റ് പദ്ധതികളിലേക്ക് മാറ്റിക്കൊടുത്തിരിക്കുകയുമാണ്. |
| (ഡി) തുടർ നവീകരണ പ്രവർത്തനങ്ങൾക്ക് ആരെയാണ് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ 2018 ൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ